പതിനാലാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1582

05.02.2019 ൽ മറുപടിയ്ക്ക്

# ജെന്റർ റിസോഴ്സ് സെന്റർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.ബി. സതീഷ്** | | **എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി )** | |
| (എ) | പഞ്ചായത്തുകളിൽ ജെന്റർ റിസോഴ്സ് സെന്റർ രൂപീകരിക്കുന്നതിന്റെ ഘടനയെ സംബന്ധിച്ചും ആയതിന്റെ തുടർ പ്രവർത്തന ലക്ഷ്യങ്ങളെ സംബന്ധിച്ചും വിശദമാക്കാമോ; | (എ) | സർക്കാർ നിർദ്ദേശ പ്രകാരമുള്ള ഔദ്യോഗിക അനൗദ്യോഗിക അംഗങ്ങൾ ഉൾപ്പെടെ 15 അംഗങ്ങൾ അടങ്ങിയ കമ്മിറ്റി. സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്തുക, വനിതാ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശവും വൈദഗ്ധ്യവും പിന്തുണയും നൽകുക, കൗമാരപ്രായക്കാരായ കുട്ടികൾക്ക് കൗൺസിലിംഗ് നൽകുക എന്നിവയാണ് ജെന്റർ റിസോഴ്സ് സെന്ററിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ. |
| (ബി) | കാട്ടാക്കട മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ ജെന്റർ റിസോഴ്സ് സെന്റർ രൂപീകരിച്ചിട്ടുണ്ടെന്നും ഇതിനായി വാർഷിക പദ്ധതിയിൽ ഏതെല്ലാം പഞ്ചായത്തുകൾ തുക വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ? | (ബി) | 1. കാട്ടാക്കട മണ്ഡലത്തിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്ത് ജെന്റർ റിസോഴ്സ് സെന്റർ രൂപീകരിച്ചിട്ടുണ്ട്. മാറനല്ലൂർ, വിളപ്പിൽ, വിളവൂർക്കൽ എന്നീ ഗ്രാമപഞ്ചായത്തുകൾ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>2. കാട്ടാക്കട ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ 2,00,000/- രൂപയും<br>മലയിൻകീഴ് ഗ്രാമപഞ്ചായത്ത് 1,50,000/-രൂപയും<br>മാറനല്ലൂർ ഗ്രാമപഞ്ചായത്ത് 1,44,000/-രൂപയും<br>വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് 50,000/-രൂപയും<br>വകയിരുത്തിയിട്ടുണ്ട്. |

Danya M S

സെക്ഷൻ ഓഫീസർ